തൊഴിലവസരങ്ങൾ

121(2033) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ തൊഴിലവസരങ്ങൾ കിട്ടാൻ തൊഴിൽ പരിശീലനവകുപ്പ് താഴെ പറയുന്ന നടപടികൾ എടുത്തുവരുന്നു.

1. തൊഴിൽ സാദ്ധ്യതകൾ കൂടുതലുള്ള ആധുനിക ട്രേഡുകളിൽ പരിശീലനം കൊടുക്കുന്നതിനും പ്രചാരം കുറഞ്ഞ ട്രേഡുകളുടെ എണ്ണം കുറച്ച് പകരം പുതിയ ട്രേഡുകൾ അനുവദിച്ച് പരിശീലനം നൽകി വരുന്നു.

2. സ്വയം തൊഴിൽ നേടുന്നതിന് ഉപയുക്തമായ പരിശീലനാനന്തര പരിശീലന പരിപാടികൾ തെരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ. കളിൽ നടത്തി വരുന്നു. (പോസ്റ്റ് ഐ.ടി.ഐ.)

3. പ്രാഥമിക പരിശീലനാനന്തരം ആധുനിക പരിശീലനം നൽകി വരുന്നു.

4. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സമർത്ഥരായ കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട പുതിയ തൊഴിൽ സംരംഭങ്ങൾക്കായി ഉപകരണങ്ങളും പരിശീലനവും നൽകുന്നതിന് നടപടി എടുത്തുവരുന്നു.

5. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കമ്പനികളെ ആകർഷിച്ച് കാമ്പസ് ഇന്റർവ്യൂ നടത്തി തൊഴിൽ ലഭ്യമാക്കാൻ വകുപ്പു തലത്തിൽ ഒരു പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇതുകൂടാതെ കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി 1999 (കേരളാ സ്റ്റേറ്റ് സെൽഫ് എമ്പ്ലോയിമെന്റ് സ്കീം ഫോർ ദി രജിസ്ട്രേഡ് അൺ എമ്പ്ലോയ്ഡ് 1999) (കെസ്റു 1999) എന്ന പുതിയ സ്വയം തൊഴിൽ സഹായ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly